# പതിമൂന്നാം കേരള നിയമസഭ

## (പന്ത്രണ്ടാം സമ്മേളനം)

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3768 15/12/2014-ൽ മറുപടിയ്ക്ക്

## ഫിഷറീസ് സ്കൂളുകൾ

| ചോദ്യം<br>ശ്രീ. സി. കെ. സദാശിവൻ: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| (എ) സംസ്ഥാനത്ത് നിലവിൽ എത്ര ഫിഷറീസ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്ത് ഫിഷറീസ് വകുപ്പിന് കീഴിൽ 9 ജില്ലകളിലായി 10 ഫിഷറീസ് സ്കൂളുകൾ നിലവിലുണ്ട്. |
| (ബി) ഇവയുടെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ചുമതല ആരിൽ നിക്ഷിപ്തമെന്ന് വ്യക്തമാക്കാമോ; | (ബി) ഫിഷറീസ് സ്കൂളുകളുടെ നടത്തിപ്പും അറ്റകുറ്റപ്പണികളും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും അടിസ്ഥാന സൗകര്യ വികസനം ഫിഷറീസ് വകുപ്പിലും നിക്ഷിപ്തമായിരിക്കുന്നു. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ സംസ്ഥാനത്തെ ഫിഷറീസ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും എത്ര തുക ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം നടപ്പിലാക്കുന്ന പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തെ 10 ഫിഷറീസ് സ്കൂളുകളുടെ പുനരുദ്ധാരണവും അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി 2516.5 ലക്ഷം രൂപയുടെ പദ്ധതി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്നു. ഇതിൽ ഓരോ സ്കൂളുകൾക്കും അനുവദിച്ചിരിക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

1. കാഞ്ഞങ്ങാട് ഫിഷറീസ് സ്കൂൾ-139.00 ലക്ഷം രൂപ
2. അഴീക്കൽ ഫിഷറീസ് സ്കൂൾ - 340.00 ലക്ഷം രൂപ
3. ബേപ്പൂർ ഫിഷറീസ് സ്കൂൾ - 174.00 ലക്ഷം രൂപ
4. കൊയിലാണ്ടി ഫിഷറീസ് സ്കൂൾ -135.00 ലക്ഷം രൂപ
5. താനൂർ ഫിഷറീസ് സ്കൂൾ - 298.00 ലക്ഷം രൂപ
6. ചാവക്കാട് ഫിഷറീസ് സ്കൂൾ - 132.00 ലക്ഷം രൂപ
7. തേവര ഫിഷറീസ് സ്കൂൾ - 202.00ലക്ഷം രൂപ
8. അർത്തുങ്കൽ ഫിഷറീസ് സ്കൂൾ - 119.50 ലക്ഷം രൂപ
9. കരുനാഗപ്പള്ളി ഫിഷറീസ് സ്കൂൾ-195.00 ലക്ഷം രൂപ
10. വലിയതുറ ഫിഷറീസ് സ്കൂൾ -782.00 ലക്ഷം രൂപ

ആകെ **2516.50 ലക്ഷം രൂപ**

| | |
|---|---|
| (ഡി) ഈ തുക ഉപയോഗിച്ച് ഓരോ സ്കൂളിലും നടത്തിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (ഡി) ടി തുക ഉപയോഗിച്ച് ഫിഷറീസ് സ്കൂളുകളിൽ ഉറപ്പുള്ള കെട്ടിടം, അദ്ധ്യാപകർക്കും ഹെഡ് മാസ്റ്റർക്കും മുറികൾ, സ്മാർട്ട് ക്ലാസ്സ് മുറികൾ, കളിസ്ഥലങ്ങൾ, ലൈബ്രറി, ലാബുകൾ, ആവശ്യത്തിന് ഫർണിച്ചറുകൾ, ടോയ്‌ലറ്റുകൾ എന്നീ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടത്തിവരുന്നു. |

സെക്ഷൻ ആഫീസർ